സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

തീയതി: 22.11.2023

നമ്പർ. C2/49235/23/ഡി.ടി.ഇ

**<u>സർക്കുലർ</u>**

വിഷയം:- സാങ്കേതികം -വിദ്യാഭ്യാസം -സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് ,തിരുവനനതപുരം - അക്കാദമിക്(എ)സെക്ഷൻ -പോളിടെക്നിക് കോളേജുകളിലെ വിദ്യാർത്ഥികളുടെ റീ അഡ്മിഷൻ - നിർദേശം നൽകുന്നത്- സംബന്ധിച്ച്

സൂചന :- സൂചന:- സർക്കാർ ഉത്തരവ് സ.ഉ.(സാധാ) നം.580/2022/ഉ.വി.വ തീയതി 22.04.2023

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്ക് കോളേജുകളിൽ ഡിപ്ലോമ കോഴ്സിന് പ്രവേശനം നേടിയതിന് ശേഷം പഠനം നിർത്തിപ്പോകുന്ന വിദ്യാർത്ഥികൾ പുനപ്രവേശനത്തിനായി അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ പുനപ്രവേശനം അനുവദിക്കുമ്പോൾ താഴെ സൂചിപ്പിക്കുന്ന വിഷയങ്ങളിൽ പ്രത്യേക ശ്രദ്ധ നല്കേണ്ടതാണെന്നുള്ള വിവരം എല്ലാ പോളിടെക്നിക്ക് കോളേജ് പ്രിൻസിപ്പൽമാരെയും അറിയിക്കുന്നു

ഡിപ്ലോമ കോഴ്സുകളുടെ 2015 സ്കീം കാലാവധി വിദ്യാർത്ഥി അഡ്മിഷൻ നേടിയ വർഷം മുതൽ 7 വർഷവും 2021 സ്കീം കാലാവധി 6 വർഷവുമാണ് .ഒരു നിശ്ചിത സ്കീമിൽ ഡിപ്ലോമ കോഴ്സിന് പ്രവേശനം ലഭിച്ചതിന് ശേഷം പഠനം നിറുത്തി പോകുന്ന വിദ്യാർത്ഥികളുടെ പുനപ്രവേശനത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്ന സാഹചര്യത്തിൽ സ്കീം കാലയളവിനുള്ളിൽ കോഴ്സ് പൂർത്തീകരിക്കുവാൻ കഴിയുമെങ്കിൽ മാത്രം പുനപ്രവേശനം അനുവദിക്കാവുന്നതാണ്.

ഒരു നിശ്ചിത സ്കീമിൽ പ്രവേശനം നേടിയത്തിന് ശേഷം പഠനം ഉപേക്ഷിച്ചു പോകുന്ന വിദ്യാർത്ഥികൾക്ക് പുനപ്രവേശനം അനുവദിക്കുമ്പോൾ സ്കീം കാലയളവിനുള്ളിൽ കോഴ്സ് പൂർത്തിയാക്കുവാൻ കഴിയുന്നില്ലെങ്കിൽ വിദ്യാർത്ഥികളിൽ നിന്നും റിവിഷൻ മാറ്റത്തിനുള്ള അപേക്ഷ ശേഖരിച്ചു ആയതിനു സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ അനുമതി തേടേണ്ടതാണ്.

ക്ലാസുകൾ ആരംഭിക്കുന്നതിന് മുൻപ് തന്നെ മേൽനടപടികൾ പൂർത്തീകരിച്ചാൽ മാത്രമേ കരിക്കുലം നിർദേശിക്കുന്ന പ്രകാരം ആവശ്യമായ ഹാജർ വിദ്യാർത്ഥികൾക്ക് നേടുവാൻ സാധിക്കുകയുള്ളു എന്നിരിക്കേ പല സ്ഥാപനങ്ങളും ഈ വിഷയത്തിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ 2023-24 ഈവൻ സെമസ്റ്ററുകളിലേക്ക് പുനപ്രവേശനം ലഭിക്കുന്നതിന് വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ സ്വീകരിച്ച് സമയബന്ധിതമായ തീരുമാനം കൈക്കൊള്ളണമെന്നും റിവിഷൻ മാറ്റം ആവശ്യമായ വിദ്യാർത്ഥികളുടെ അപേക്ഷകൾ മതിയായ രേഖകളടക്കം 27.11.2023ന് മുൻപായി ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധം dteacademicsection@gmail.com എന്ന email അഡ്രസ്സിലേക്കോ മടക്ക തപാലിലോ അയയ്ക്കേണ്ടതാണെന്ന് അറിയിക്കുന്നു.

ഡോ. രാമചന്ദ്രൻ എം
സീനിയർ ജോയിൻറ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ പോളിടെക്നിക് കോളേജ് പ്രിൻസിപ്പാൾമാരുടെയും അറിവിലെയ്ക്കായി

Approval Valid

Digitally Approved By

Draft #1 of File C2/49235/23/DTE Approved by Senior Joint Director (PS) on 22-Nov-2023 01:01 PM - Page 1

ഡോ. രാമചന്ദ്രൻ എം
Date: 22.11.2023
Reason: Approved

Draft #1 of File C2/49235/23/DTE Approved by Senior Joint Director (PS) on 22-Nov-2023 01:01 PM - Page 2

The document is digitally approved. Hence signature is not needed.